കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പോരുവഴി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2025-2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P10/1488/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 02/09/2026
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോരുവഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P10/1488/2026 തീയ്യതി: 02/09/2026

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2025 മുതൽ 31-03-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-08-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.പ്രീത എസ് എസ്	ഡെപ്യൂട്ടി ഡയറക്ടർ	01-04-2025	31-03-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
28-07-2026	13-08-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അനിൽ ആർ (ഓഡിറ്റ് ഓഫീസർ HG)
ശ്രീമതി ശ്രീജ എസ് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ ശ്രീകുമാർ എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി ദിവ്യ എസ് മോഹൻ (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ബിനു മംഗലത്ത്	പ്രസിഡന്റ്	01-04-2025	20-12-2025
ശ്രീ.വിനു ഐ നായർ	പ്രസിഡന്റ്	20-12-2025	31-03-2026
ശ്രീ.സി കെ അജയകുമാർ	സെക്രട്ടറി	01-04-2025	31-03-2026

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബിന്ദു ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2025	31-03-2026
ശ്രീ വിനോദ്കുമാർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2025	15-07-2025
ശ്രീ അരുൺ ആർ റ്റി	അസിസ്റ്റന്റ് എഞ്ചിനീയർ	16-07-2025	31-03-2026
ശ്രീ ജോൺസൻ ഫിലിപ്പ്	വി ഇ ഒ	01-04-2025	31-03-2026
ശ്രീ സ്റ്റെഫി എ	വി ഇ ഒ	01-08-2025	28-09-2025
ശ്രീ അശ്വിൻ എ എസ്	വി ഇ ഒ	29-09-2025	31-03-2026
ശ്രീമതി ഷീബ വൈ	ഹെഡ്മിസ്ട്രസ്	01-04-2025	31-03-2026
ശ്രീ മനേഷ് എം എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2025	31-03-2026
ഡോ.അനിൽ കുമാർ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2025	18-08-2025
ഡോ ശ്രീജിത്ത്	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	19-08-2025	10-09-2025
ഡോ പ്രിയങ്ക കെ ജി	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	10-09-2025	31-03-2026
ശ്രീമതി നിത്യ സി നാഥൻ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2025	31-03-2026
ശ്രീ അരുൺ കുമാർ	വെറ്ററിനറി സർജൻ	16-04-2025	22-06-2025
ശ്രീമതി നിത്യ ചാക്കോ	വെറ്ററിനറി സർജൻ	23-06-2025	31-03-2026
ശ്രീമതി മോളു റ്റി ലാൽസൺ	കൃഷി ഓഫീസർ	01-04-2025	28-05-2025
ശ്രീ എബി ബാബു	കൃഷി ഓഫീസർ	28-05-2025	15-09-2025
ശ്രീമതി അംഗിത	കൃഷി ഓഫീസർ	16-09-2025	31-12-2025
ശ്രീ നന്ദകുമാർ	കൃഷി ഓഫീസർ	01-01-2026	31-03-2026
ഡോ ലക്ഷ്മി ദിലീപ്	മെഡിക്കൽ ഓഫീസർ പി എച്ച് സി	01-04-2025	04-06-2025
ഡോ സംഗീത ജി	മെഡിക്കൽ ഓഫീസർ പി എച്ച് സി	05-06-2025	31-03-2026
ഡോ സിനി തോമസ്	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2025	31-03-2026
അക്രെഡിറ്റഡ് എഞ്ചിനീയർ	അഖിൽ എസ്	01-04-2025	31-03-2026

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി നടത്തുന്നില്ല.	1-1-1
3	വസ്തുനികുതി ഡി.സിബി പത്രികയിൽ കാണിച്ചിരിക്കുന്ന ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല	1-1-2
4	ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ 2025-26 സാമ്പത്തിക വർഷത്തെ ഇ ഗ്രാം കാഷ് ബുക്ക് നീക്കിയിരിപ്പ് ബാങ്കിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തിയില്ല	1-1-3
5	CFC ഗ്രാന്റിന്റെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും ഇ ഗ്രാം സ്വരാജ് പോർട്ടലിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-4
6	25-26 സാമ്പത്തിക വർഷത്തെ വസ്തുനികുതി കുടിശിക ഡിമാന്റ് തുക 24-25 സാമ്പത്തിക വർഷത്തേക്കാൾ കുറവായി രേഖപ്പെടുത്തിയിരിക്കുന്നു	1-1-5
7	E-Payment അക്കൌണ്ടിൽ-Cheque Deposited But Not Collected എന്ന ഇനത്തില്ലുള്ള തുകകൾ സാമ്പത്തിക വർഷം അവസാനിച്ചിട്ടും പഞ്ചായത്തിന്റെ അക്കൌണ്ടിൽ ക്രഡിറ്റ് വന്നിട്ടില്ല	1-1-6
8	2703002-Property Tax (Write Off) ഹെഡിൽ നടത്തിയ ജേണൽ എൻട്രികളുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല	1-1-7
9	ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
12	ഗ്രാന്റ് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമ പദ്ധതികൾ	1-7
16	ക്യാഷ് ബാലൻസ് പരിശോധന	1-8
17	ആഭ്യന്തരനിയന്ത്രണം	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20% നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു	1-11
20	ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത.	1-12
21	വാടക കുടിശിക ഇനത്തിൽ 12,30,216/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു	1-13
22	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ,മരുന്ന് ലഭ്യമാക്കിയിട്ടില്ല	1-14
23	മെഡിക്കൽ ഓഫീസർ ആയുർവ്വേദം നടപ്പാക്കിയ വിവിധ പ്രോജെക്റ്റുകൾ പ്രകാരം മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.	1-15
24	ഇ-പേയ്മെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ആവുന്ന തുകകൾ ഡേബുക്കുമായി പൊരുത്തപ്പെടുന്നില്ല.	1-16
25	കെസ്മാർട്ട് സോഫ്റ്റ്‌വെയറിലേക്ക് വസ്തുനികുതിഡാറ്റ പോർട്ട് ചെയ്തപ്പോൾ 25-26 സാമ്പത്തിക വർഷത്തെ കുടിശിക ഡിമാന്റ് തുക 24-25 സാമ്പത്തിക വർഷത്തേക്കാൾ കുറഞ്ഞു	1-17
26	യു.പി.ഐ. അക്കൗണ്ട് (Account No 42176490218 SBI, പോരുവഴി) 23-24 സാമ്പത്തിക വർഷത്തെ വരവ് തുക നാളിതുവരെപഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല	1-18
27	പഠന മുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല	1-19
28	CFC ഗ്രാന്റിന്റെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും ഇ ഗ്രാം സ്വരാജ് പോർട്ടലിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല-ധനകാര്യ കമ്മീഷൻ ഗ്രാന്റിന് പകരം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.	1-20
29	വികസനഫണ്ടിനത്തിൽ 600000/- രൂപ ബാധ്യതയായി പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു	1-21

30	തെരുവ് വിളക്ക് വൈദ്യുതി ചാർജജ് മുൻമാസങ്ങളിൽ നിന്ന് കുറവായി ബിൽ ലഭിക്കുന്നു -കാരണം വ്യക്തമല്ല.	1-22
31	കുടിവെള്ള പദ്ധതി പൂർത്തിയാക്കിയില്ല-32000/-രുപ തടസ്സപെടുത്തുന്നു.	1-23
32	വിനിയോഗ രേഖകൾ ഹാജരാക്കിയില്ല-698114/-രുപ തടസ്സപ്പെടുത്തുന്നു.	1-24
33	തെരുവ് വിളക്ക് പരിപാലന പദ്ധതികൾ-രജിസ്റ്ററുകൾ കൃത്യമാക്കണം.	1-25
34	എം.ജി.എൻ.ആർ.ഇ.ജി.എസ്. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ--ആസ്തി രജിസ്റ്ററിൽ തരം മാറ്റുന്നില്ല	1-26
35	ഭൂവികസന പ്രവൃത്തികൾ-തരിശ് ഭൂമിയിൽ കൃഷി നടത്തിയതിന്റെ തുടർ പരിശോധനയില്ല.	1-27
36	കൃഷി ഓഫീസ് കണ്ടിൻജന്റ് ചെലവുകൾ-300/-രുപ തടസ്സപെടുത്തുന്നു.	1-28
37	കെ.സ്മാർട്ട് -പോരായ്മകൾ	1-29
38	979536/-രൂപ ഇ-പേയ്മെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ആവാൻ അവശേഷിക്കുന്നു	1-30
39	ഫുട്ബോൾ അക്കാദമി -പ്രോജക്റ്റ് ലക്ഷ്യം നേടിയില്ല	1-31
40	ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-32
41	ഭവന പുനരുദ്ധാരണ പദ്ധതി-അഡ്വാൻസായി 50,000/-രൂപ കൈപ്പറ്റിയതതിന് ശേഷം പ്രവർത്തി പൂർത്തീകരിച്ചില്ല	1-33
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-5
6	വായ്പ/വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2026 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2026 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 10-07-2026 ലെ 5(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 17.07.2026 ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പോരുവഴി ഗ്രാമ പഞ്ചായത്തിന്റെ 2025-26 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2026 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2026 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം.
തീയതി : 02.09.2026

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

1-1-1 പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി നടത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഡി അനുസരിച്ച് 1/4/2025ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2025-26 വർഷം അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. എന്നാൽ ഇപ്രകാരം രേഖപ്പെടുത്തൽ നടത്തുന്നില്ല.

1-1-2 വസ്തുനികുതി ഡി.സിബി പത്രികയിൽ കാണിച്ചിരിക്കുന്ന ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

വസ്തുനികുതി ഡി.സിബി പത്രികയിൽ കാണിച്ചിരിക്കുന്ന ബുക്ക് അഡ്ജസ്റ്റുമെന്റു തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

1-1-3 ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ 2025-26 സാമ്പത്തിക വർഷത്തെ ഇ ഗ്രാം കാഷ് ബുക്ക് നീക്കിയിരിപ്പ് ബാങ്കിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തിയില്ല.

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ 2025-26 സാമ്പത്തിക വർഷത്തെ ഇ ഗ്രാം കാഷ് ബുക്ക് നീക്കിയിരിപ്പ് ബാങ്കിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഇ ഗ്രാം കാഷ് ബുക്ക് നീക്കിയിരിപ്പ്	2,668,334/-
കൂട്ടുക	
CFC Basic Grant രണ്ടാം ഇൻസ്റ്റാൾമെന്റ് ഇ ഗ്രാം പോർട്ടലിൽ റിവേഴ്സ് റെസീപ്റ്റ് ചെയ്യാത്തത്)	1438500/-
(+) പലിശ	28783.0
ആകെ	4135617
ബാങ്ക് പാസ് ബുക്ക് പ്രകാരം നീക്കിയിരിപ്പ്	4,191,290/-
വ്യത്യാസം	55673

വ്യത്യാസം വിശദീകരിച്ചിട്ടില്ല.

K-Smart റികൺസിലിയേഷൻ റിപ്പോർട്ട് ചുവടെ ചേർക്കുന്നു

Closing Balance As Per Bank Book		4149254
Cheques Issued But Not Presented Into Bank	42036	
Directly Credited By Bank	0	
Sub Total		4191290
Cheques Deposited But Not Collected	0	
Directly Debited By Bank	0	
Total		4191290
Closing Balance As Per Bank Statement		4191290

1-1-4 CFC ഗ്രാന്റിന്റെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും ഇ ഗ്രാം സ്വരാജ് പോർട്ടലിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

CFC ഗ്രാന്റിന്റെ 2025-26 സാമ്പത്തിക വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും 8550267/- രൂപയും ഇ ഗ്രാം സ്വരാജ് പോർട്ടലിലെ ചെലവ് 8538857രൂപയുമാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് 8538857 (Tied-208993 (Capital Contribution) + 5419461 - (Revenue Exp) + Untied 1052672 (Capital Contribution) + 1857731/- (Revenue Exp) ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. (വ്യത്യാസം 11410/-)

1-1-5 25-26 സാമ്പത്തിക വർഷത്തെ വസ്തുനികുതി കുടിശിക ഡിമാന്റ് തുക 24-25 സാമ്പത്തിക വർഷത്തേക്കാൾ കുറവായി രേഖപ്പെടുത്തിയിരിക്കുന്നു

25-26 സാമ്പത്തിക വർഷത്തെ വസ്തുനികുതി കുടിശിക ഡിമാന്റ് തുകയിൽ റെസിഡൻഷ്യൽ ബിൽഡിംഗിൽ വസ്തുനികുതിയിനത്തിൽ 60094/- രൂപയുടെ കുറവും നോൺ റെസിഡൻഷ്യൽ വസ്തുനികുതിയിനത്തിൽ 37767/- രൂപയുടെ കുറവും വന്നിട്ടുണ്ട്. ടി തുക ജേർണൽ ചെയ്ത് പ്രിയർ പീരിഡ് ഇൻകം ഹെഡിലേക്ക് മാറ്റിയിട്ടുണ്ട്

1-1-6 E-Payment അക്കൌണ്ടിൽ-Cheque Deposited But Not Collected എന്ന ഇനത്തില്ലുള്ള തുകകൾ സാമ്പത്തിക വർഷം അവസാനിച്ചിട്ടും പഞ്ചായത്തിന്റെ അക്കൌണ്ടിൽ ക്രഡിറ്റ് വന്നിട്ടില്ല

E-Payment അക്കൌണ്ടിൽ Auto Reconciliation ആണ് കെ സ്മാർട്ട് മുഖേന നടക്കുന്നത്.ഇപ്രകാരം Auto Reconciliation നടക്കുമ്പോൾ E-Payment ചെയ്യപ്പെട്ട തുകകൾ പഞ്ചായത്തിന്റെ അക്കൌണ്ടിൽ ക്രഡിറ്റ് വരാതിരുന്നത് Cheque Deposited But Not Collected എന്ന ഇനത്തിൽ ചേർത്തിട്ടുണ്ട്.എന്നാൽ ഇപ്രകാരമുള്ള തുകകൾ സാമ്പത്തിക വർഷം അവസാനിച്ചിട്ടും പഞ്ചായത്തിന്റെ അക്കൌണ്ടിൽ ക്രഡിറ്റ് വന്നിട്ടില്ല

1-1-7 2703002-Property Tax (Write Off) ഹെഡിൽ നടത്തിയ ജേണൽ എൻട്രികളുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല

2703002-Property Tax (Write Off) ഹെഡിൽ നടത്തിയ ജേണൽ എൻട്രികളുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

31-03-2026	J-G020204-26000335	4311003	Receivables For Property Tax On Residential Buildings(Current)	JOURNAL	838	0	Remark: Property Tax Resi Building Demand Adjusted From RR, Rebate, Exemption And Demolish	-
	J-G020204-26000335	4311003	Receivables For Property Tax On Residential Buildings(Current)	JOURNAL	591181	0	Remark: Property Tax Resi Building Demand Adjusted From RR, Rebate, Exemption And Demolish	-
31-03-2026	J-G020204-26000334	4311004	Receivables For Property Tax On Residential Buildings (Arrears)	JOURNAL	18	0	Remark: Property Tax Arrear Demand Adjusted From Revenue Recovery And Demolished	-
31-03-2026	J-G020204-26000337	4311005	Receivables For Property Tax On Non-Residential Buildings (Current)	JOURNAL	113239	0	Remark: Property Tax Non Resi Building Current Demand Adjusted From RR, Rebate, Exemption, Book Adjustment And Demolish	-
	J-G020204-26000337	4311005	Receivables For Property Tax On Non-Residential Buildings (Current)	JOURNAL	2369	0	Remark: Property Tax Non Resi Building Current Demand Adjusted From RR, Rebate, Exemption, Book Adjustment And Demolish	-
31-03-2026	J-G020204-26000336	4311006	Receivables For Property Tax On Non-Residential Buildings (Arrears)	JOURNAL	9	0	Remark: Property Tax Non Resi Building Arrear Demand Adjusted From RR And Demolish	

1-1-8 ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

26/07/2011-ലെ ജി.ഒ. (എം.എസ്.)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ

നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-2 ബജറ്റ്

19.03.2025 ലെ 1(1) നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 21.02.2026 ലെ 2 (1) നം. തീരുമാന പ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	4,97,76,238/-രൂപ
വരവ്	9,72,24,437 /-രൂപ
ആകെ	14,70,00,675 /-രൂപ
ചെലവ്	10,01,85,775/-രൂപ
നീക്കിയിരിപ്പ്	4,68,14,900/-രൂപ
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	12,13,995/-

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ട് ഇനം	മുൻ ബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കി ബാക്കി/ ലാപ്സായ തുക ₹
വികസന ഫണ്ട്- പൊതു.	0	14549964	14549964	14415277	134687
വികസന ഫണ്ട്- എസ് സി പി	0	12375964	12375964	11780838	595126
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	0	18194000	18194000	12164195	6029805
മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്	0	6572000	6572000	5924296	647704
സിഎഫ് സി-ടൈഡ്-ട്രഷറി	0	325466	325466	0	325466
സിഎഫ് സി-ടൈഡ് ബാങ്ക്	53,09,360/-	2158000	7467360	5628454	1838906
സിഎഫ് സി- അൺടൈഡ്- ബാങ്ക്	21,25,480/--	3095271	5220751	2910403	2310348

മറ്റ് അക്കൗണ്ടുകൾ- കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

ഫണ്ട് ഇനം	മുൻ ബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കി ബാക്കി ₹
ഐസിഡിഎസ്	43,90,864/-	3885685	8276549	2840465	5436084
സ്വച്ച്ഭാരത് മിഷൻ ഗ്രാന്റ്	0	311621	311621	311621	0
ഹെൽത്ത് ഗ്രാന്റ് -ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ	4,54,094/-	552548	1006642	755128	251514
ഹെൽത്ത് ഗ്രാന്റ് - ബിൽഡിംഗ്	1,30,481/-	2820036	2950517	2349400	601117
ഹെൽത്ത് ഗ്രാന്റ്- വെൽനസ് സെന്റർ	6,63,861/-	198948	862809	704874	157935
സമ്പൂർണ്ണ ശുചിത്വം	25,55,115/-	65634	2620749	0	2620749
ലിറ്ററസി സ്കീം ഗ്രാന്റ്	699	172562	173261	172545	716
ഡിസാസ്റ്റർ മാനേജ് മെന്റ്	o	100000	100000	0	100000
ഇലക്ഷൻ	o	92500.	92500	92500	o
Other Revenue Grants(കില)	o	262500	262500	262500	0

മറ്റ് അക്കൗണ്ടുകൾ- സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

ഫണ്ട് ഇനം	മുൻ ബാക്കി ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കി ബാക്കി ₹
വിമുക്തി	3,500/-	0	3,500/-	3,500/-	0
ലൈഫ് സ്റ്റേറ്റ് ഷെയർ	35,92,000/-	0	3592000/-	2314107	1277893

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
234	24,59,45,307/-	123	7,35,83,404/-	27	84	52.56

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ്₹
ഭരണചെലവുകൾ	0	24,39,997/-	24,39,997/-	24,39,869/-	128/-
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	7,13,39,698/-	7,13,39,698/-	7,13,39,698/-	0

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക(₹)	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം		
കർഷക തൊഴിലാളി പെൻഷൻ	15,18,800/-	71
വിധവാ പെൻഷൻ	2,51,64,200/-	1277
വാർദ്ധ്യകാല പെൻഷൻ	4,99,75,300/-	2763
ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കുള്ള പെൻഷൻ	92,10,800/-	436
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	4,17,000/-	21
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	60,000/-	2

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.07.2026, 03.10 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 90/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജനരേഖ പ്രകാരം ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. പഞ്ചായത്തിലെ വരവുകൾ കെ സ്മാർട്ട് വഴിയാണ് സ്വീകരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിൽ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്.വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്ഥിരം സമിതി ക്രമ പ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

തൻ വർഷം ഗ്രാമസഭ രണ്ട് തവണ മാത്രമാണ് കൂടിയിട്ടുള്ളത്.മൂന്ന് മാസത്തലൊരിക്കൽ കൂടണം എന്ന ക്രമം പാലിക്കുന്നില്ല.ഗ്രാമസഭ മിനിറ്റ്സ് ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവർത്തി ഫയലുകളിലെല്ലാം മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതാണ്,

നിക്ഷേപ പ്രവർത്തികൾക്കായി തുക മുൻകൂർ ഒടുക്കു വരുത്തുന്നുണ്ടെങ്കിലും ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടോ എന്ന് മോണിട്ടറിംഗ് നടത്തേണ്ടതാണ്. തനത് വിഭവ സമാഹരണം വർദ്ധിപ്പിക്കുവാനും, ചെലവിനങ്ങൾ നിയമാനുസൃത ചട്ടക്കൂടുകൾക്കുള്ളിൽ നിന്നു കൊണ്ട് കൂടുതൽ ഫലപ്രദമായ രീതിയിൽ ചെലവഴിക്കുവാനും ഗ്രാമപഞ്ചായത്ത് സമിതിയും ജീവനക്കാരുമടങ്ങുന്ന ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	15.02.2023	10/2022 - 12/2022	17.03.2023
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	27.09.2016 - 14.10.2016	2011-12 - 2015-16	14.08.2017

1-11 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20% നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ 5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥീതി ചെയ്യുന്ന കെട്ടിടങ്ങളെ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ	കെട്ടിട നമ്പർ	ഉടമയുടെ പേര്	വിസ്തീർണ്ണം(ച.മി)	നിരക്ക്	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി	20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക
14	1058	ബിനുമോൻ	56.97	66.15	3768	753

മേൽ കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി20/7-8-2026) മറുപടി നൽകിയിട്ടില്ല. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-12 ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത.

2025-26 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ നിന്നും ലൈസൻസ് പൂർണമായും കെ സ്മാർട്ട് മുഖേനയാണ് നൽകുന്നതെന്നു വ്യക്തമായിട്ടുണ്ട്. ആയതിനാൽ സ്ഥാപനം ഇതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.കെ സ്മാർട്ട് വഴി 2025-2026 വർഷം 281 ലൈസൻസ് നൽകിയിട്ടുണ്ട് .എന്നാൽ ഹരിതകർമ സേനയുടെ കണക്ക് പ്രകാരം പഞ്ചായത്തിൽ യൂസർ ഫീ ലഭിക്കുന്നത് 458 സ്ഥാപനങ്ങളിൽ നിന്നാണ്. ഉദാഹരണമായി കെ സ്മാർട്ട് പ്രകാരം വാർഡ് 14 ൽ പ്രവർത്തിക്കുന്ന ലൈസൻസ് ഉള്ള സ്ഥാപനങ്ങൾ 60 ആണ്. എന്നാൽ ഈ വാർഡിൽ 93 സ്ഥാപനങ്ങളിൽ നിന്ന് ഹരിതകർമ സേന യൂസർഫീ ഈടാക്കുന്നുണ്ട്. ഇവയിൽ ആരാധനാലയങ്ങൾ,സ്കൂളുകൾ,അംഗൻവാടികൾ എന്നിവയെ ഒഴിവാക്കിയാൽ 78 സ്ഥാപനങ്ങൾ പ്രസ്തുത വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. മറ്റു വാർഡുകളിലും സമാന സ്ഥിതി നിലനിൽക്കുന്നുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു നൽകിയ മറുപടി പ്രകാരം അംഗീകൃത കെട്ടിട നമ്പർ ഉപയോഗിച്ച് ഹരിതമിത്രം ആപ്പിൽ ബിൽഡിംഗ് ലിങ്കേജ് നടത്തിയപ്പോൾ 310 കെട്ടിടങ്ങളുടെ ഡാറ്റ തെറ്റായി എന്റർ ചെയ്തിട്ടുണ്ടെന്നും ഇതിൽ മിക്കതും സ്ഥാപനങ്ങൾ ആണ് എന്നും അറിയിച്ചു.കെ സ്മാർട്ട് ഓൺലൈൻ പ്ലാറ്റ്ഫോമിലേക്കു ലൈസൻസ് വിതരണം പൂർണമായും മാറ്റിയപ്പോൾ ഉടമസ്ഥാവകാശം മാറ്റിയിട്ടില്ലാത്തവ,കെട്ടിട നമ്പർ അനുയോജ്യമല്ലാത്തവ,വകുപ്പു തല അനുമതി ലഭിക്കാത്തവ തുടങ്ങിയ സാങ്കേതിക തടസങ്ങൾ കാരണം പല സ്ഥാപന ഉടമകൾക്കും നിശ്ചിത സമയത്തിനകം ലൈസൻസ് എടുക്കുവാൻ കഴിയാതെ വന്നിട്ടുണ്ട്.അപാകതകൾ തിരുത്തി പഞ്ചായത്ത് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കേണ്ടതാണ്. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -17/06-08-2026

1-13 വാടക കുടിശിക ഇനത്തിൽ 12,30,216/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിൽ നിന്നും വാടക കുടിശിക ഇനത്തിൽ 12,30,216/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു .IX/93-ാം നമ്പർ സ്ത്രീശാക്തീകരണ കേന്ദ്രം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റിയുടെ യു.ഐ.ടി. എന്ന സ്ഥാപനവും ശ്രീ വിശ്വനാഥൻ എന്ന വ്യക്തിയും വാടക കുടിശിക ഒടുക്കിയില്ല. പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാടക മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 11,403/-രൂപ പ്രതിമാസ വാടക നിരക്കിൽ 09.02.2015 മുതൽ, സ്ഥാപനമേധാവിയുമായി ഏർപ്പെട്ട കരാർ പ്രകാരം കെട്ടിടം യു.ഐ.ടി. യ്ക്ക് വേണ്ടി വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്.08.02.2016-ൽ കരാർ കാലാവധി അവസാനിച്ചിരുന്നെങ്കിലും അതിനു ശേഷം കരാർ പുതുക്കിയിട്ടില്ല. ശാസ്താംകോട്ട മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ നിലനിന്ന കേസിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ യു.ഐ.ടി സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് സാധിച്ചെങ്കിലും വാടക കുടിശ്ശിക ഈടാക്കുന്നതിന് സാധിച്ചില്ല. മുൻവർഷത്തെ കുടിശ്ശിക 2,15,520/- രൂപയും, 2017/18-2023/24 വരെയുള്ള കുടിശ്ശിക 9,88,380/-രൂപയും ഉൾപ്പെടെ 12,03,900/- രൂപ ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്നു. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറിയിൽ നിന്നും വാടക കുടിശിക ഇനത്തിൽ ശ്രീ വിശ്വനാഥൻ എന്ന വ്യക്തിയിൽ നിന്നും 26,316/-രൂപ ഈടാക്കാൻ അവശേഷിക്കുന്നു. വാടക കുടിശ്ശിക ഈടാക്കുന്നതിന് കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർ, ശ്രീ വിശ്വനാഥൻ .എന്നിവരുടെ പേരിൽ റവന്യു റിക്കവറി (RR NO 2024/11880/02,2025/15489/02,2025/15499/02)നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വറി നമ്പർ -27/10-08-2026

1-14 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ,മരുന്ന് ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജെക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോ ആലപ്പുഴയ്ക്ക് 100000/- രൂപ നൽകിയെങ്കിലും മരുന്ന് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ	അടങ്കൽ ഫണ്ട്	ചെലവ്/ ബില്ല് നമ്പർ	പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തീയതി	അവശേഷിക്കുന്ന മരുന്നിന്റെ വില
S0090/26	200000/- (ബ്ലോക്ക് പഞ്ചായത്ത്-100000/- മെയിന്റനൻസ് റോഡ് ഇതരം-100000/-)	100000/- 25040352013500861777 13/11/2025	1011 03/11/2025	100000/-

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കു നൽകിയ മറുപടി പ്രകാരം മരുന്ന് ലഭിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാമെന്നു അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ 100,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ:09, 10/08/2026

1-15 മെഡിക്കൽ ഓഫീസർ ആയുർവ്വേദം നടപ്പാക്കിയ വിവിധ പ്രോജെക്റ്റുകൾ പ്രകാരം മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ വിവിധ പ്രോജെക്ടുകൾ പ്രകാരം ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ	S0070/26 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ	S0086/26 സൂതിക പരിചരണം	S0067/26 നാരീ സൗഖ്യം	S0072/26 പാലിയേറ്റീവ് കെയർ	S0084/26 ആയുർ സുരക്ഷ
അടങ്കൽ ഫണ്ട്	1100000	250000	350000	300000	258370
ചെലവ്	1000000/-	250000/-	250000/-	300000/-	258370/-
പ്രൊഫോമ ഇൻവോയ്സ് നമ്പർ / തീയതി	248180 24/10/2025	248190 24/10/2025	248187 24/10/2025	248184 24/10/2025	248188 24/10/2025
ലഭിച്ച മരുന്നിന്റെ വില	795006	240290	196200	216982	226311
അവശേഷിക്കുന്ന മരുന്നിന്റെ വില	204994	9710	53800	83018	32059

അവശേഷിക്കുന്ന 383581/- രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി പ്രകാരം ഗോഡൗൺ നിർമാണം നടക്കുന്നതിനാലുള്ള കാലതാമസം ആണെന്നാണ് അറിയിച്ചത്. നാളിതു വരെ ലഭ്യമാകാത്ത മരുന്നുകളുടെ വില 383581/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ:8, 03/08/2026
തടസ്സപ്പെടുത്തുന്ന തുക: 383581/-രൂപ

1-16 ഇ-പേയ്മെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ആവുന്ന തുകകൾ ഡേബുക്കുമായി പൊരുത്തപ്പെടുന്നില്ല.

സിറ്റിസൺ പോർട്ടൽ മുഖേന ഇ പേയ്മെന്റ് ആയി ഒടുക്കുന്ന പ്രോപ്പർട്ടി ടാക്സ്,ലൈസൻസ് ഫീസ്,ബർത്ത്,ഡെത്ത്,മാരിയേജ് സർട്ടിഫിക്കറ്റ് ഫീസ് എന്നിവ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ അക്കൗണ്ട് നമ്പർ 0143073000060559 എന്ന ഇ പേയ്മെന്റ് അക്കൗണ്ടിലാണ് ക്രെഡിറ്റ് ആവുന്നത്. ഓരോ ദിവസവും ഇ പേ മുഖേന ലഭിക്കുന്ന തുകകൾ അതതു ദിവസത്തെ ഡേബുക്കിൽ ലഭ്യമാണ്.എന്നാൽ ടി തുകകൾ പഞ്ചായത്തിന്റെ ഇ പേയ്മെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ആവാൻ കാലതാമസം എടുക്കുന്നു .അക്കൗണ്ടിൽ ക്രെഡിറ്റ് ആവുന്ന തുകകൾ ഡേബുക്കിലെ തുകകളിൽ നിന്നും വ്യത്യസ്തമാണ്.ടി തുകകൾ ഐ കെ എം ന്റെ അക്കൗണ്ടിൽ നിന്നാണ് പഞ്ചായത്ത് അക്കൗണ്ടിലേക്കു എത്തുന്നത്.ഇത്തരത്തിൽ ലഭിച്ച തുകകളിൽ നിന്നും ഐ കെ എം ഒരു നിശ്ചിത ശതമാനം കുറവ് ചെയ്തിട്ടാണ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ നൽകുന്നത്.സ.ഉ.(കൈ)നം 79/2025/LSGD തീയതി 09/10/2025 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന വസ്തുനികുതിയുമായി ബന്ധപ്പെട്ട ഓരോ ട്രാൻസാക്ഷന്റെയും 2.5% തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾക്കായി ഐ കെ എം നു ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.ടി ഉത്തരവ് പ്രകാരം ഒരു നിശ്ചിത തുക കുറവ് ചെയ്യുന്നതിനാൽ അക്കൗണ്ടിൽ ക്രെഡിറ്റ് ആവുന്ന തുകയുടെ ആധികാരികത ഉറപ്പിക്കാൻ കഴിയുന്നില്ല.അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 04/01-08-2026 നു മറുപടി നൽകിയത് പ്രകാരം ഇത് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വരുന്നതല്ല എന്നതിനാൽ ഐ കെ എം മായി ചേർന്ന് ഇതിനു പരിഹാരം കാണേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ: 04/01-08-2026

1-17 കെസ്മാർട്ട് സോഫ്റ്റ്‌വെയറിലേക്ക് വസ്തുനികുതിഡാറ്റ പോർട്ട് ചെയ്യപ്പോൾ 25-26 സാമ്പത്തിക വർഷത്തെ കുടിശിക ഡിമാന്റ് തുക 24-25 സാമ്പത്തിക വർഷത്തേക്കാൾ കുറഞ്ഞു

കെസ്മാർട്ട് സോഫ്റ്റ്‌വെയറിലേക്ക് വസ്തുനികുതി ഡാറ്റ പോർട്ട് ചെയ്യപ്പോൾ 25-26 സാമ്പത്തിക വർഷത്തെ കുടിശിക ഡിമാന്റ് തുക 24-25 സാമ്പത്തിക വർഷത്തേക്കാൾ കുറഞ്ഞു

24-25 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാനുള്ളതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

Receivables For Property Tax On Residential Buildings(Current) -Rs38,258.00

Receivables For Property Tax On Residential Buildings (Arrears) -Rs 43,058.00

Receivables For Property Tax On Non-Residential Buildings (Current) Rs36,685.00

Receivables For Property Tax On Non-Residential Buildings (Arrears) Rs17,152.00

കെസ്മാർട്ട് സോഫ്റ്റ്‌വെയറിലേക്ക് വസ്തുനികുതി ഡാറ്റ പോർട്ട് ചെയ്യപ്പോൾ 25-26 സാമ്പത്തിക വർഷത്തെ കുടിശിക ഡിമാന്റ് തുകയിൽ റെസിഡൻഷ്യൽ ബിൽഡിംഗിൽ വസ്തുനികുതിയിനത്തിൽ 60094/- രൂപയുടെ കുറവും നോൺ റെസിഡൻഷ്യൽ വസ്തുനികുതിയിനത്തിൽ37767/- രൂപയുടെ കുറവും വന്നിട്ടുണ്ട്. ടി തുക ജേർണൽ ചെയ്ത് പ്രിയർ പീരിഡ് ഇൻകം ഹെഡിലേക്ക് മാറ്റിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

31-03-2026	J-G020204-26000340	4311004	Receivables For Property Tax On Residential Buildings (Arrears)	JOURNAL	60094	0	Remark: Property Tax Resi. Building Excess Arrear Demand Adjusted To Prior Period	-
31-03-2026	J-G020204-26000337	4311005	Receivables For Property Tax On Non-Residential Buildings (Current)	JOURNAL	14330	0	Remark: Property Tax Non Resi Building Current Demand Adjusted From RR, Rebate, Exemption, Book Adjustment And Demolish	-
31-03-2026	J-G020204-26000341	4311006	Receivables For Property Tax On Non-Residential Buildings (Arrears)	JOURNAL	37767	0	Remark: Property Tax Non Resi. Building Excess Arrear Demand Adjusted To Prior Period	

Residential Buildings ൽ വസ്തു നികുതി ഇനത്തിൽ 19705/- രൂപയുടെ കുറവും, Non-Residential Buildings ൽ 382612/- രൂപയുടെ കുറവും വന്നിട്ടുണ്ട്. സോഫ്റ്റ്‌വെയറിൽ വന്ന വ്യത്യാസം കാരണമാണ് ടി കുറവ് സംഭവിച്ചിട്ടുള്ളതായി സെക്രട്ടറി എ.എഫ്എസിനോടൊപ്പം ലഭ്യമാക്കിയ നോട്ട് ഓൺ അക്കൗണ്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി വ്യത്യാസം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ ഐ.കെ.എം മുഖേന സ്വീകരിക്കേണ്ടതാണ്

1-18 യു.പി.ഐ. അക്കൗണ്ട് (Account No 42176490218 SBI, പോരുവഴി) 23-24 സാമ്പത്തിക വർഷത്തെ വരവ് തുക നാളിതുവരെപഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല

യു.പി.ഐ. അക്കൗണ്ടിൽ (Account No 42176490218 SBI, പോരുവഴി) 23-24 സാമ്പത്തിക വർഷത്തെ വരവ് തുക നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല. 31.3.26 ലെ പൊരുത്തപ്പെടുത്തൽ പത്രിക പരിശോധിച്ചതിൽ ബാങ്ക് ബുക്കിൽ 54936/- രൂപ 31.3.26 ൽ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. പൊരുത്തപ്പെടുത്തൽ പത്രിക ചുവടെ ചേർക്കുന്നു.

Closing Balance As Per Bank Book		54936
Cheques Issued But Not Presented Into Bank	0	V
Directly Credited By Bank	0	
Sub Total		54936
Cheques Deposited But Not Collected	0	
Directly Debited By Bank	0	
Cheques Deposited But Not Collected (Old)	54936	
Total		0
Closing Balance As Per Bank Statement		0

യു.പി.ഐ. ബാങ്ക് പെയ്മെന്റ് മുഖേന 13/3/2024-ൽ 12,007/-രൂപയും, 30/3/2024-ൽ 1,00,207/- രൂപയും ലഭിച്ചതായി ഡേ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 13/3/24 ൽ 9,017/- രൂപയും, 30/3/24 ൽ 48,261/- രൂപയും മാത്രമാണ് യു.പി.ഐ. അക്കൗണ്ടിൽ (Account No 42176490218 SBI, പോരുവഴി) ക്രെഡിറ്റ് വന്നിട്ടുള്ളത്. 13/3/24- ലെ ബാക്കി തുകയായ 2,990/- രൂപയും, 30/3/24 ലെ ബാക്കി തുകയായ 51,946/- രൂപയും ഉൾപ്പെടെ 54,936/- രൂപ പഞ്ചായത്ത് ഫണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി (നം 18/6.8.26) തുക ക്രഡിറ്റ് ചെയ്യുന്നതിനുള്ള എല്ലാ നടപടികളും യഥാസമയം പഞ്ചായത്തിന്റെ ഭാഗത്തു നിന്നു ഉണ്ടായതായും ബാങ്കിന്റെ ഭാഗത്തുനിന്നും തീരുമാനം ഉണ്ടാകാത്തതിനാൽ ആണ് തുക ക്രഡിറ്റ് ചെയ്യുവാൻ താമസം വരുന്നതെന്നും അറിയിച്ചു. തിരികെ തുക ലഭ്യമാകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്

1-19 പഠന മുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട് നം	201/26,പഠനമുറി
അടങ്കൽ തുക	1247090/-വികസനഫണ്ട് എസ്.സി.പി
ചെലവ്	310773/-രൂപ
ബിൽ നം /തീയതി	593183/16.9.25, 60950/27.6.25 185354/27.1.26 206518/29.1.26 1151655/19.1.26
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസി.സെക്രട്ടറി

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്ന്, 2024-25, 2025-26 വർഷങ്ങളിൽ ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും പഠന മുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ ഗഡു	തീയതി
വിജയ് കൃഷ്ണ, S/Oരാജി,ചിറയുടെ തെക്കതിൽ വാർഡ് 16	30000	29.2.24
	29000	144422/13.5.24
	50000	206518/29.1.26
കൃഷ്ണപ്രിയ D/O സുരേഷ് യദുഭവനം ഇടയ്ക്കാട് പി.ഓ	30000	11488/15.7.24
	60000	185354/27.1.26
അനന്യകൃഷ്ണൻ D/O കൃഷ്ണൻകുട്ടി,പള്ളിയിൽ വീട്	30000	59051/8.10.24
	60000	60950/27.6.25
	60000	593183/16.9.25
	20000	1151655/19.1.26

നിലവിലെ സ്ഥിതി വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക്(നം 14/6.8.26) മറുപടിയായി നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുകയാണെന്നു അറിയിച്ചു. നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്

1-20 CFC ഗ്രാന്റിന്റെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും ഇ ഗ്രാം സ്വരാജ് പോർട്ടലിലെ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല-ധനകാര്യ കമ്മീഷൻ ഗ്രാന്റിന് പകരം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ 2025-26 സാമ്പത്തിക വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും 8550267/- രൂപയും ഇ ഗ്രാം സ്വരാജ് പോർട്ടലിലെ ചെലവ് 8538857 രൂപയുമാണ്. (വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് 8538857 രൂപയുമാണ്.) ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം 11410 രൂപ സെക്രട്ടറി നിർവ്വഹണം നടത്തിയ 45 /26 ലെഗസി വേസ്റ്റ് നീക്കം ചെയ്യൽ എന്ന പ്രോജക്ടിൽ നിന്നും ധനകാര്യ കമ്മീഷൻ ഗ്രാന്റിന് പകരം തനത് ഫണ്ടിൽ നിന്നാണ് 2/26 ലെ തുക ചെലവഴിച്ചിരിക്കുന്നത്. എന്നും 20.2.26 ലെ 070395 നമ്പർ ചെക്ക് പ്രകാരം നൽകിയ 11410 രൂപയുടെ വ്യത്യാസമാണ് CFC ഗ്രാന്റിന്റെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും ഇ ഗ്രാം സ്വരാജ് പോർട്ടലിലെ ചെലവും തമ്മിൽ നിലനിൽക്കുന്നത് എന്നും എൻക്വയറിക്ക് (നം 13/ 4.8.26) ന് മറുപടിയായി അറിയിച്ചു. കെസ്മാർട്ട് മുഖേന പ്രോജക്ട് ബില്ല് റൈഡ് ഫണ്ടിലാണ് എടുത്തിട്ടുള്ളത്. ആയതിനാൽ എ.സിഅറിൽ ടി തുക കൂടി സി.എഫ്.സി. റൈഡിൽ ഉൾപ്പെട്ടിട്ടുണ്ട്. 26-27 സാമ്പത്തിക വർഷം ടി പ്രോജക്ടിൽ സി. എഫ് .സി ഗ്രാന്റ് ഉൾപ്പെടുത്തി ടി തുക തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്യുന്നതാണ് എന്നും മറുപടി ലഭ്യമാക്കി. ടി തുക ക്രമീകരിച്ചു അറിയിക്കേണ്ടതാണ്.

1-21 വികസനഫണ്ടിനത്തിൽ 600000/- രൂപ ബാധ്യതയായി പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു

2025-26 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിൽ B-8 Schedule -3504018- Refund Payable - Grants And Funds ഹെഡിൽ600000/- രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. ടി തുക 2017-18 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അംഗനവാടി കെട്ടിട നിർമ്മാണം എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി (പ്രോജക്ട് നം 127/18) എം, ജി.എൻആർ.ഇ.ജി.എസിന്റെ സ്റ്റേറ്റ് മിഷൻ അക്കൗണ്ടിലേക്ക് കൈമാറിയ വികസനഫണ്ടാണ് (ട്രഷറി റഫറൻസ് നം 170403000001445/22.3.18). എന്നാൽ ടി പദ്ധതി നടപ്പാക്കിയിട്ടില്ലാത്തതിനാൽ 23-24 സാമ്പത്തിക വർഷം ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായി. 26-27 സാമ്പത്തിക വർഷം 46, 48 നം അങ്കണവാടികളുടെ നിർമ്മാണത്തിനായി എം.ജി.എൻ.ആർ.ഇ.ജി.എസ് ജില്ലാ മിഷനിൽ 400000/- രൂപ ഡെപ്പോസിറ്റ് ചെയ്ത് നിർവ്വഹിക്കുന്നതിനായി പുതിയ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്നും ബാക്കി തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കുന്നതാണെന്നും എൻകചയറിക്ക് (25/10.8.25)മറുപടിയായി അറിയിച്ചു. പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന വികസന ഫണ്ട് തുക വിനിയോഗിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-22 തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് മുൻമാസങ്ങളിൽ നിന്ന് കുറവായി ബിൽ ലഭിക്കുന്നു -കാരണം വ്യക്തമല്ല.

2025-26 ൽ തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	മാസം	തുക
1.	ഏപ്രിൽ 2025	123291
2-	മെയ് 2025	49807
3.	ജൂലൈ 2025	54935
4	ആഗസ്റ്റ് 2025	100131
5	സെപ്റ്റംബർ 2025	86769
6	ഒക്ടോബർ	88381
7	നവംബർ	91726
8	ഡിസംബർ	92267
9	ജനുവരി 2026	87093
10	ഫെബ്രുവരി 2026	107978
11	മാർച്ച് 2026	46566

മാർച്ച് 2026 മുതൽ വൈദ്യുതി ചാർജ്ജ് മുൻ മാസങ്ങളെ അപേക്ഷിച്ച് വളരെ കുറവായിട്ടാണ് കാണുന്നത് തുടർന്നുള്ള മാസങ്ങളിലും ഈ രീതിയിലാണ് ബിൽ വരുന്നതായി സെക്ഷൻ അറിയിച്ചത്. എന്നാൽ ഇതിന്റെ കാരണം വ്യക്തമല്ല. ഈ കാരണത്താൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻകചയറി നൽകി.

1. ഗ്രാമപഞ്ചായത്തിൽ ഉള്ള തെരുവുവിളക്കുകളുടെയും അവയുടെ വൈദ്യുത ചാർജ് നിരക്കിന്റെയും വിവരങ്ങൾ.

2. ഗ്രാമപഞ്ചായത്തിലെ, മീറ്റർഡ്/അൺമീറ്റർഡ് തെരുവ് വിളക്കുകളുടെ വിവരം, ഹൈമാസ്റ്റ്, ലോമാസ്റ്റ് ലൈറ്റുകളുടെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ. സ്ട്രീറ്റ് മെയിൻ സ്ഥാപിച്ചതിന്റെ വിവരങ്ങൾ.

ഓഡിറ്റിന് ലഭ്യമാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി, കടമ്പനാടിന്റെ മറുപടി കത്തിൽ സ്മാർട്ട് മീറ്റർ ഇൻസ്റ്റാൾ ചെയ്ത എല്ലാ സ്ട്രീറ്റ് ലൈറ്റുകൾക്കും കറന്റ് ബിൽ തുക കെ.എസ്.ഇ.ബി സർക്കാരിന് അടയ്ക്കാനുള്ള ഡ്യൂട്ടിയിൽ നിന്നും കറന്റ് ബിൽ അഡ്ജസ്റ്റ് ചെയ്തതായി കാണാൻ സാധിക്കുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. (നം.ബി,ബി/പോരുവഴി ജി.പി /കടമ്പനാട്/26-27 തീ.10-8-26) എന്നാൽ ഇതിന്റെ വിശദാംശം, അഡ്ജസ്റ്റ്മെന്റ് എങ്ങനെ നടത്തുന്നു, ഏത് തുകയിൽ നിന്നാണ് ഇങ്ങനെ അഡ്ജസ്റ്റ് ചെയ്ത് നിലവിൽ അടവാക്കുന്ന തുകയിൽ എത്തുന്നത്, ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് എന്നി വിവരങ്ങൾ ലഭിച്ചില്ല. മാത്രമല്ല ക്രമ നം. 1, 2 എന്നിവ പ്രകാരമുള്ള വിവരങ്ങളും ലഭിച്ചില്ല. ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻകചയറി- 11/4-08-2026

1-23 കുടിവെള്ള പദ്ധതി പൂർത്തിയാക്കിയില്ല-32000/-രൂപ തടസ്സപെടുത്തുന്നു.

ക്രമനം.	പ്രോജക്റ്റിന്റെ പേര്, നം	ബിൽനം. തീയതി	കൈപറ്റിയ സ്ഥാപനം	ചെലവഴിച്ച തുക

1.	191/26, മുല്ലശ്ശേരി കോളനിയിൽ കുഴൽ കിണർ നിർമ്മാണം(വാർഡ്-12)	25000024/26-6-25 (ധനകാര്യ കമ്മീഷൻ)	ഭൂജലവകുപ്പ് കൊല്ലം	32000/- (മുൻവർഷം നൽകിയത്=250000/- (17/3/25)

പദ്ധതിക്കായി നാളിതുവരെ 2,82,000/- രൂപയും ഭുജലപരിവേഷണം നടത്തുന്നതിന് 1935/-രൂപയും ഭൂജലവകുപ്പിന് നൽകിയിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണത്തിന് ഈ സ്ഥലം അനുയോജ്യമാണ് എന്ന് 12/3/25 ൽ ഫീസിബിലിറ്റി കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 2,50.000/- രൂപയും, തുടർന്ന് 32000/-രൂപയും, 14.03.2025 ലെ ഭരണസമിതി തീരുമാനപ്രകാരം നൽകിയെങ്കിലും നാളിതുവരെ നടപടികൾ ആരംഭിച്ചിട്ടില്ല.

15 ഓളം കുടുംബങ്ങളാണ് കുടിവെള്ളത്തിന് കിണറുകളോ മറ്റ് മാർഗ്ഗങ്ങളോ ഇല്ലാതെ ഈ കോളനിയിൽ താമസിക്കുന്നത്. തുക മുഴുവൻ അടവാക്കിയിട്ടും നാളിതുവരെ തുടർനടപടികൾ ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ തുടർനടപടികൾ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. പദ്ധതി പൂർത്തിയാക്കി വിനിയോഗരേഖകൾ ഹാജരാക്കാത്തതിനാൽ ഈ വർഷം നൽകിയ 32000/-രൂപ തടസ്സപെടുത്തുന്നു. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

തടസ്സപെടുത്തിയ തുക-32000/-രൂപ

ഓഡിറ്റ് എൻക്വയറി-6 /3-08-2026

1-24 വിനിയോഗ രേഖകൾ ഹാജരാക്കിയില്ല-698114/-രൂപ തടസ്സപ്പെടുത്തുന്നു.

2025-26 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ക്രമ നം.	പ്രോജക്റ്റിന്റെ പേര്,നം	ബിൽനം., തീയതി	കൈപറ്റിയ സ്ഥാപനം	ചെലവഴിച്ച തുക
1.	ഐ.കെ.എംന് വിഹിതം നൽകൽ (2/26)	25040352013900253264/26-6-25 (വികസന ഫണ്ട്)	ഐ.കെ.എം	100000/-
2-	സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ 31/26	25000422/21-3-26 (ധനകാര്യ കമ്മീഷൻ)	കെ.എസ്.ഇബി കടമ്പനാട്	414834/-
3.	ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ്,(34/26)	G020204-25000015/20-6-25,45/16-7-25,53/28-7-25 (ധനകാര്യ കമ്മീഷൻ)	കെ.എസ്.ഇബി.ശൂരനാട് ശാസ്താംകോട്ട	183280/-

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനായി കത്ത് നൽകിയതായി മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതു വരെ ഈ ഇനത്തിൽ നൽകിയ 698114/- രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക-698114/-രൂപ

ഓഡിറ്റ് എൻക്വയറി-3/31-8-26

1-25 തെരുവ് വിളക്ക് പരിപാലന പദ്ധതികൾ-രജിസ്റ്ററുകൾ കൃത്യമാക്കണം.

ക്രമ നം.	പ്രോജക്റ്റിന്റെ പേര്, നം	അടങ്കൽ തുക	ബിൽനം. തീയതി	ചെലവഴിച്ച തുക
1.	തെരുവ് വിളക്ക് പരിപാലനം ഇലക്ട്രിക്ക് സാധനങ്ങൾ സാധനം വാങ്ങൽ ,അടാട്ട് മാതൃക-21/26 File No.4104252/2025	523982/- (തനത് ഫണ്ട്)	G-020204-25000097,279,261,319,455	477612/-
2.	തെരുവ് വിളക്ക് പരിപാലനം-ഇലക്ട്രീഷൻമാർക്ക് വേതനം നൽകൽ,20/26 File No.3966794/2025	500000/- (തനത് ഫണ്ട്)	G-020204-25000100,132,298,412,497	500000/-

അടാട്ട് മാതൃകയിലാണ് തെരുവ് വിളക്ക് പരിപാലനത്തിന്-സാധനം വാങ്ങൽ,വേതനം എന്നിവ നടപ്പിലാക്കിയിട്ടുള്ളതായി പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, കരാർ രേഖകൾ, ഫയലുകൾ, എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെ വിവരങ്ങൾ പോസ്റ്റ് നംപർ ഉൾപ്പടെ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണമെങ്കിലും, ഇങ്ങനെ ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പകരം സ്ട്രീറ്റ് ലെറ്റ് രജിസ്റ്റർ

സൂക്ഷിക്കുന്നു. ഇതിൽ റിപ്പയർ നടത്തുന്നതായിട്ടുള്ള പോസ്റ്റ് നംപറുകൾ രേഖപ്പെടുത്തുന്നു. എന്നാൽ ഈ രജിസ്റ്റർ കരാറുകാരൻ,വാർഡ് മെംബർമാർ,ഉദ്യോഗസ്ഥർ എന്നിവർ തീയതി രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. .

2)മെയിന്റൻസ് രജിസ്റ്ററിൽ Remarks കോളത്തിൽ ഓരോ തവണ വൈദ്യുതി ഉപകരണങ്ങൾ കൈപറ്റുമ്പോഴും ,ഓരോ ഇനത്തിലും ഇലക്ട്രിഷന്റെ കൈവശമുള്ള നീക്കിയിരുപ്പ് രേഖപ്പെടുത്തുന്നില്ല

3) ഗ്രാമപഞ്ചായത്ത് പരിധിയിൽ കെ.എസ് .ഇ.ബിയുടെ നാല് ഓഫീസുകൾ ഉണ്ട്.തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടന്നിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, രജിസ്റ്ററുകൾ പരിശോധിച്ചതിൽ തെരുവ് വിളക്കുകളുടെ വിവരങ്ങൾ പോസ്റ്റ് നംപർ ഉൾപ്പടെ രേഖപ്പെടുത്തി ഒരു അടിസ്ഥാന രജിസ്റ്റർ പഞ്ചായത്തിൽ ലഭ്യമല്ല എന്നാണ്. കൂടാതെ മെയിന്റൻസ് രജിസ്റ്ററിൽ ഇലക്ട്രിഷൻ വൈദ്യുതി ഉപകരണങ്ങൾ കൈപറ്റുമ്പോൾ ഓരോ തവണയും നീക്കിയിരുപ്പ് രേഖപ്പെടുത്തുന്നില്ലെന്നും. കെ.എസ് .ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധനയും നടത്തിയിട്ടില്ലെന്നും അറിയിച്ചു. രജിസ്റ്ററുകൾ കൃത്യമാക്കുകയും, നിലവിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച തുടർനടപടികളും അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി- 2/1-08-2026

1-26 എം.ജി.എൻ.ആർ.ഇ.ജി.എസ്. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ--ആസ്തി രജിസ്റ്ററിൽ തരം മാറ്റുന്നില്ല

വില്ലേജ് മൺപാതകൾ കോൺക്രീറ്റിംഗ് നടത്തിയ ശേഷം ആസ്തിയിൽ /R-Track ൽ തരം മാറ്റം നടത്തുന്നില്ല. .ഉദാ:

പ്രവൃത്തിയുടെ പേര്	ആസ്തി നം	വർഷം/കോഡ്
പേരുർ-ശൂരനാട്ടേന്ന് റോഡ് 0.140m	13141005000000118	2025-26 1613010003/RC/412960
ബംഗ്ളാവ് വിള വീട് റോഡ് 90 M	13141005000000193	2025-26 1613010003/RC/413404
ധർമ്മശാസ്തകരയോഗം പുന്തിലേത്ത് ജംഗ്ഷൻ	13141005000000204	2025-26 1613010003/RC/413542
ചോലംപറമ്പ് പള്ളിക്കലാർ 110m	13141005000000003	2025-26 1613010003/RC/388913

ഇത്തരത്തിൽ കോൺക്രീറ്റിംഗ് നടത്തിയ റോഡുകൾ ഏത് വർഷം വരെ ആസ്തി രജിസ്റ്ററിൽ / R-Track ൽ ക്രമീകരിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കമ്മിറ്റി തീരുമാനത്തിന് വിധേയമായി നാളിതുവരെ തരം മാറ്റം നടത്തിയ റോഡുകൾ അപ്ഡേറ്റ് ചെയ്യുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. അപ്ഡേറ്റ് നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-28/10-8-26

1-27 ഭൂവികസന പ്രവൃത്തികൾ-തരിശ് ഭൂമിയിൽ കൃഷി നടത്തിയതിന്റെ തുടർ പരിശോധനയില്ല.

മിഷൻ ഡയറക്ടറുടെ 4/7/25 ലെ NREGA/668/2025-C3 നംപർ ഉത്തരവിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങളിൽ ഇത്തരം പ്രവൃത്തികളുടെ ലക്ഷ്യം എന്നത് Non-Cultivable Land-നെ Cultivable Land ആക്കി മാറ്റുക എന്നതാണ് ഇതിനായി കൃഷി ഓഫീസർ തരിശ് ഭൂമി എന്ന് പരിശോധന നടത്തി നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.കാട് വെട്ട്, പണ നിർമ്മാണം എന്നി പ്രവൃത്തികൾ തൊഴിലുറപ്പ് തൊഴിലാളികൾ ചെയ്ത ശേഷം കൃഷിയോഗ്യമായ സ്ഥലത്ത് ജെ.എൽ.ജി.ഗ്രൂപ്പുകൾ കൃഷി നടത്തുന്നു. ഇതിനായി ഭൂവുടമയുമായി കരാർ ജെ.എൽ.ജി.ഗ്രൂപ്പുകൾ വയ്ക്കുന്നു, എന്നാൽ കൃഷി നടന്നിട്ടുണ്ടോ എന്ന തുടർപരിശോധന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭിച്ചില്ല.ഉദാ:

വാർഡ് XI നരച്ചിറ നീർതടത്തിലെ തരിശ് പുരയിടം കൃഷിക്ക് ഒരുക്കൽ 1613010003/ LD/697332

എസ്റ്റിമേറ്റ് തുക-354410/-

ചെലവഴിച്ച തുക-127551/-

(നെൻമേനി ജെ.എൽ.ജി.)

മേൽ ഫയലിൽ ജെ.എൽ.ജിയുടെ സാക്ഷ്യപത്രം ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ലഭ്യമാക്കിയതിൽ തിയതി,ഏത് തരം വിളയാണ് കൃഷി ചെയ്ത് വിളവ് ലഭിച്ചത് എന്ന വിവരങ്ങൾ ഇല്ല.പരിശോധന നടത്തിയ ചില ഫയലുകളിലും തരിശ് പുരയിടം കൃഷി യോഗ്യമാക്കി ജെ.എൽ.ജി.ഗ്രൂപ്പുകൾ കൃഷി നടത്തിയ

വിവരങ്ങൾ മാത്രമല്ല ഇവയുടെ ആഫിലിയേഷൻ പുതുക്കുന്നതും പരിശോധിക്കുന്നില്ല.മറ്റ് ഉദാഹരണങ്ങൾ:

1)വാർഡ് Iv -വെൺകുളം നീർത്തടത്തിലെ തരിശ് പുരയിടം കൃഷിക്ക് ഒരുക്കൽ (അനശ്വര ജെ.എൽ.ജി)/LD/686014/- ചെലവഴിച്ച തുക-146410/-

2)വാർഡ് Xi നരച്ചിറ നീർതടത്തിലെ തരിശ് പുരയിടം കൃഷിക്ക് ഒരുക്കൽ (നെൻമേനി ജെ.എൽ.ജി.) LD /697332-ചെലവഴിച്ച തുക-119312/-

തൻ വർഷം 17 പ്രവൃത്തികൾ പൂർത്തികരിച്ചതിന് 4066730/- രൂപ ചെലവഴിച്ചിട്ടുണ്ട്.ഭൂവികസന പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുമ്പോൾ ജെ.എൽ.ജി.ഗ്രുപ്പുകളുടെ ആഫിലിയേഷൻ പരിശോധിക്കേണ്ടതും, കൃഷി നടത്തി എന്നതിന് ആവശ്യമായ രേഖകളും ഫയലിൽ ഉൾപ്പടുത്തേണ്ടതാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-28/10-8-26

1-28 കൃഷി ഓഫീസ് കണ്ടിൻജന്റ് ചെലവുകൾ-300/-രൂപ തടസ്സപെടുത്തുന്നു.

പദ്ധതി നം-159/26

അടങ്കൽ-50000/-(എം.എഫ് (NR))

ചെലവ്-37967/-

ബിൽ നം.25040352013200422064/1-8-25=2812/-

ഈ ബിൽ പ്രകാരം വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2512/- രൂപയുടെ വൌച്ചറുകൾ മാത്രമാണ് ഉള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക മാറിയപ്പോൾ കൃത്യമായിരുന്ന എന്നും എന്നാൽ ഓഫീസ് കോപ്പി തയാറാക്കിയപ്പോൾ വിട്ടുപോയതായി അറിയിച്ചു. എന്നാൽ ഇത് ഏത് ഇനത്തിലെ വൌച്ചറാണെന്ന് എന്ന് മറുപടിയിൽ വ്യക്തമാക്കുകയോ, ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ ഈ ഇനത്തിൽ നൽകിയ 300/- രൂപ തടസ്സപെടുത്തുന്നു. വൌച്ചർ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപെടുത്തിയ തുക-300/-രൂപ

ഓഡിറ്റ് എൻക്വയറി-15/5-8-26

1-29 കെ.സ്മാർട്ട് -പോരായ്മകൾ

1. കെസ്മാർട്ട് സോഫ്റ്റ്‌വെയറിലേക്ക് വസ്തുനികുതി ഡാറ്റ പോർട്ട് ചെയ്തപ്പോൾ 25-26 സാമ്പത്തിക വർഷത്തെ വസ്തുനികുതി കുടിശിക ഡിമാന്റ് തുക 24-25 സാമ്പത്തിക വർഷത്തേക്കാൾ കുറഞ്ഞു

2. E-Payment അക്കൌണ്ടിൽ കെ സ്മാർട്ട് മുഖേന Auto Reconciliation നടക്കുമ്പോൾ E-Payment ചെയ്യപ്പെട്ട തുകകൾ പഞ്ചായത്തിന്റെ അക്കൌണ്ടിൽ ക്രഡിറ്റ് വരാത്ത തുകകൾ Cheque Deposited But Not Collected എന്ന ഇനത്തിൽ ചേർത്തിട്ടുണ്ട്.എന്നാൽ ഇപ്രകാരമുള്ള തുകകൾ സാമ്പത്തിക വർഷം അവസാനിച്ചിട്ടും പഞ്ചായത്തിന്റെ അക്കൌണ്ടിൽ ക്രഡിറ്റ് വന്നിട്ടില്ല

3. കെ സ്മാർട്ടില് നിന്നും വസ്തുനികുതി -റെസിഡെൻഷ്യൽ&നോൺ റെസിഡെൻഷ്യൽ ബിൽഡിംഗുകളുടെ 25-26 സാമ്പത്തിക വർഷത്തെ DCB സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയ സമയം ഡൗൺലോഡ് ചെയ്തതും ഓഡിറ്റ് വേളയിൽ കെ സ്മാർട്ട് മുഖേന ജനറേറ്റ് ചെയ്തതും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

4. വാടക ,തൊഴിൽ നികുതി എന്നിവയ്ക്ക് പ്രത്യേക മൊഡ്യൂൾ ഇല്ലാത്തതിനാൽ തൊഴിൽ നികുതി,വാടക ഇവയുടെ പരിശോധന സുഗമമാവുന്നില്ല

5. സെക്രട്ടറിയുടെ ഫയലുകൾ ഓഡിറ്റർ Log-Inൽ കെ.സ്മാർട്ടിൽ പരിശോധിക്കുമ്പോൾ ഒരു പ്രോജക്റ്റിന് ചെലവഴിച്ച ബില്ലുകളുടെ കോപ്പികൾ,സംക്ഷിപ്തം എന്നിവ ലഭിക്കുന്നതിനുള്ള ഓപ്ഷൻ ഇല്ല,

6. വൗച്ചറുകളുടെ തുടർച്ച/ആകെ എത്ര വൌച്ചറുകൾ സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ഉണ്ടായിരുന്നു എന്ന് കെ.സ്മാർട്ടിൽ നിന്ന് അറിയാൻ സാധിക്കുന്നില്ല.നിലവിൽ Bill Register സൂക്ഷിക്കന്നതിനാലാണ് വൌച്ചറുകളുടെ എണ്ണം മനസ്സിലാക്കുന്നത്.

1-30 979536/-രൂപ ഇ-പേയ്മെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ആവാൻ അവശേഷിക്കുന്നു

ഇ പേയ്മെന്റ് അക്കൗണ്ടിൽ മാർച്ച് മാസത്തിലെ റീകൺസിലിയേഷൻ രേഖകൾ പരിശോധിച്ചതിൽ നിന്നും ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ് എന്നയിനത്തിൽ 979536/-രൂപ അക്കൗണ്ടിൽ ക്രെഡിറ്റ് ആവാൻ അവശേഷിക്കുന്നു.സിറ്റിസൺ പോർട്ടൽ മുഖേന ഇ പേയ്മെന്റ് ആയി ഒടുക്കുന്ന തുകകളും ഇ പോസ് മെഷീൻ മുഖേന കളക്ട് ചെയ്യുന്ന തുകകളും ടി അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്.ഇ പോസ് കൺസോളിഡേറ്റഡ് റിപ്പോർട്ട് പ്രകാരം 2025-2026 വർഷം 794428/- രൂപ അക്കൗണ്ടിൽ ക്രെഡിറ്റ്ആവാൻ ഉണ്ട്. കൂടാതെ ഇ പേയ്മെന്റ് ആയി ടാക്സ് ഇനത്തിൽ ഒടുക്കുന്ന 185108/-രൂപയും ഉൾപ്പടെയുള്ള 979536/-രൂപയിൽ ഓട്ടോ പേയ്മെന്റ് ഇനത്തിലുള്ള 10954/-കുറച്ചിട്ടുള്ള 968582/-രൂപയാണ് അക്കൗണ്ടിൽ ക്രെഡിറ്റ് ആവാനുള്ളത്. മാർച്ച് മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെൻറ് പ്രകാരം ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് കളക്ടഡ് എന്നതിൽപെടുത്തിയാണ് ടി തുകകൾ ക്രമീകരിച്ചിട്ടുള്ളത്. ആയത് പ്രകാരം ക്രമീകരിക്കാനുള്ള തുകയുടെ വിശദ വിവരങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിക്കു ലഭ്യമാക്കിയ മറുപടി പ്രകാരം തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-29/13-08-2026

1-31 ഫുട്ബോൾ അക്കാദമി -പ്രോജക്ട് ലക്ഷ്യം നേടിയില്ല.

ഫുട്ബോൾ അക്കാദമി -പ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തിയില്ല

പ്രോജക്ട് നം	S.O 46/25-26
പേര്	ഫുട്ബോൾ അക്കാദമി

അടങ്കൽ തുക/ഫണ്ടിനം	200000/-(വികസനഫണ്ട്)
ചെലവ് തുക/ബിൽ നം	14706/-(65285/27.6.25) 26108/-(266832/27.6.25)

പോരുവഴി ഗ്രാമപഞ്ചായത്തിലെ അഞ്ചിനും 15നും ഇടയിൽ പ്രായമുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഫുട്ബോൾ പരിശീലനം നൽകുവാനും സെലക്ഷൻ ക്യാമ്പിലൂടെ തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് പഞ്ചായത്ത് സ്റ്റേഡിയത്തിൽ വച്ച് സ്ഥിരമായി പരിശീലനം നൽകി ഒരു പ്രൊഫഷണൽ ഫുട്ബോൾ ടീമിനെ വളർത്തിയെടുക്കുകയും ആയതിലൂടെ ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഒരു ഫുട്ബോൾ അക്കാഡമി സ്ഥാപിക്കുകയും ചെയ്യുന്നതിനാണ് 23-24 സാമ്പത്തികവർഷം ഫുട്ബോൾ അക്കാഡമി എന്ന പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. അക്കാദമിയിലേക്ക് പരിശീലകനെ നിയമിക്കുവാനും കുട്ടികൾക്ക് ആവശ്യമായ സ്പോർട്സ് ഉപകരണങ്ങളും യൂണിഫോമും വാങ്ങി നൽകുന്നതിനും പരിശീലകർക്ക് മാസവേതനം നൽകുന്നതിനും പദ്ധതിയിൽ തുകവകയിരുത്തിയിരിക്കുന്നു ഫുട്ബോൾ അക്കാദമി എന്ന പ്രോജക്ടിനായി 23-24 സാമ്പത്തിക വർഷം 191623 രൂപയും 24-25 സാമ്പത്തിക വർഷം 68239 രൂപയും 25-26 സാമ്പത്തിക വർഷം 40808 രൂപയും ചെലവഴിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം പരിശീലകൻ, അസിസ്റ്റന്റ് എന്നിവരുടെ 2025 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വേതനം മാത്രം നൽകി പ്രോജക്ട് അവസാനിപ്പിച്ചു. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി (നം5/1-08-2026) ക്ക് മറുപടിയായി കുട്ടികളുടെ കായിക മികവിനെ പിന്തുണയ്ക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി ആരംഭിച്ചതെന്നും 2024 ഫെബ്രുവരി മുതൽ മികച്ച രീതിയിൽ പരിശീലനം ചക്കുവള്ളി ചിറയിൽ ആരംഭിക്കുകയും തുടർന്ന് വന്ന വർഷങ്ങളിൽ മഴകാരണം ചിറയിൽ വെള്ളം കെട്ടികിടക്കുന്ന സാഹചര്യം ഉണ്ടായതിനാൽ കുട്ടികളുടെ എണ്ണം കുറയുകയും പദ്ധതി അവസാനിപ്പിക്കുകയും ചെയ്തതായി മറുപടി ലഭ്യമാക്കി. 25-26 സാമ്പത്തിക വർഷം പരീശീലനം നടന്നിട്ടില്ല, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാതെ പ്രോജക്ട് നടപ്പാക്കിയതിനാൽ പ്രോജക്ട് ലക്ഷ്യപ്രാപ്തിയിലെത്തിയില്ല. പ്രോജക്ടുകൾ ആവിഷ്ക്കരിക്കുമ്പോൾ ലക്ഷ്യങ്ങൾ യാഥാർത്ഥ്യ ബോധ്യത്തോടെയുള്ളതാകേണ്ടതാണ്.

1-32 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള ലൈഫ് ഭവന നിർമ്മാണ പ്രോജക്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള താഴെകൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക (₹)	തീയതി
1	ബിനീഷ്	40,000/-	28-11-2024
		1,00,000/-	10-03-2025
2	ഷീജ.എസ്	40,000/-	27-11-2024
3	അശ്വതി സുഭാഷ്	40,000/-	28-11-2024
		1,00,000/-	21-03-2025
4	ഷീന	40000/-	01-02-2025

ഭവന നിർമ്മാണ വിവരങ്ങൾ അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളെക്കൊണ്ട് നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവർക്ക് നൽകിയിട്ടുള്ള തുക നിയമാനുസൃതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 23/07-08-2026

1-33 ഭവന പുനരുദ്ധാരണ പദ്ധതി-അഡ്വാൻസായി 50,000/-രൂപ കൈപ്പറ്റിയതതിന് ശേഷം പ്രവർത്തി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം	39/2025-26 (ഭവനപുനരുദ്ധാരണം)
നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ	3600000/-
ചെലവ്	2350000/-(Scp ഫണ്ട്)

ഭവന പുനരുദ്ധാരണ പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താവ് വിട്ടു പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല.

ഗുണഭോക്താവിന്റെ വിവരം	നൽകിയ തുക₹	നിലവിലെ സ്ഥിതി

ശ്രീമതി. അജിത	5,0000/-	12-02-205അഡ്വാൻസായി 5,0000/- രൂപ നൽകിയിട്ടുണ്ട്
ശ്രീമതി. രുക്മിണി രവീന്ദ്രൻ	5,0000/-	12-02-205അഡ്വാൻസായി 5,0000/- രൂപ നൽകിയിട്ടുണ്ട്
ശ്രീമതി. ശാന്ത	5,0000/-	12-02-205അഡ്വാൻസായി 5,0000/- രൂപ നൽകിയിട്ടുണ്ട്
ശ്രീമതി. രമ	5,0000/-	15-02-205അഡ്വാൻസായി 5,0000/- രൂപ നൽകിയിട്ടുണ്ട്
ശ്രീ.രഞ്ജിത്ത്	5,0000/-	15-02-205അഡ്വാൻസായി 5,0000/- രൂപ നൽകിയിട്ടുണ്ട്

മേൽ ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം അഡ്വാൻസായി 50,000/-രൂപ കൈപ്പറ്റിയതതിന് ശേഷം പ്രവർത്തി പൂർത്തീകരിക്കാത്തതിന്റെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/07.08.26) ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുന്നിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് വി.ഇ.ഒ മറുപടി നൽകി. ഭവന പുനരുദ്ധാരണം പൂർത്തീകരിച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(രൂപ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക(രൂപ)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക(രൂപ)	റിമാർക്സ്
2025 എപ്രിൽ-16	8,000/-	8,000/-	0	
2025മേയ് -16	8000/-	8000/-	0	
2025 ജൂൺ-16	8000/-	8000/-	0	
2025 ജൂലൈ-16	8000 /-	8000/-	0	
2025 ആഗസ്റ്റ്-16	8000/-	8000/-	0	
2025സെപ്റ്റംബർ-16	8000/-	8000/-	0	
2025 ഒക്ടോബർ-16	8000/-	8000 /-	0	
2025 നവംബർ-16	8000/-	8000/-	0	
2025ഡിസംബർ-16	8000/-	8000/-	0	
2026 ജനുവരി-16	10992/-	10992/-	0	
2026 ഫെബ്രുവരി-16	10992/-	10992/-	0	
2026മാർച്ച്-16	10992/-	10992/-	0	

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2025-26	5/8/2026, 6/8/2026	Ksa/Klm/P10/1488/2026 Dt.02.09.2026

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ് (₹)
ബ്ലോക്ക് പഞ്ചായത്ത്	2025-26	200000/-	ഭിന്നശേഷി സ്കോളർഷിപ്പ് (28/25-26)	200000/-	0
ബ്ലോക്ക് പഞ്ചായത്ത്	2025-26	336958/-	പാലിന് സബ്സിഡി (63/25-26)	336958/-	0
ജില്ലാ പഞ്ചായത്ത്	2025-26	125000’-	ഭിന്നശേഷി സ്കോളർഷിപ്പ് (71/25-25)	125000’-	0
ജില്ലാ പഞ്ചായത്ത്		490000/-	ലൈഫ് ഭവന പദ്ധതി (എസ്.സി.പി) (28/25-26)	490000/-	0
ജില്ലാ പഞ്ചായത്ത്		360000/-	നെൽകൃഷി വികസനം(98/25-26)	360000/-	0
ജില്ലാ പഞ്ചായത്ത്		156751/-	പാലിന് സബ്സിഡി (63/25-26)	156751/-	0
ജില്ലാ പഞ്ചായത്ത്	2025-26	172052/-	അനുപൂരക പോഷകാഹാര വിതരണം(63/25-26)	172052/-	

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും, ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രോജക്ടിന്റെ പേര്	നിക്ഷേപിച്ച തുക (₹)	ബിൽ ബുക്ക് നമ്പർ/ ട്രഷറി വൗച്ചർ നമ്പർ	ചെലവഴിച്ച തുക (₹)	അവശേഷിക്കുന്ന തുക (₹)
കെ.എസ്.ഇ.ബി	31/25-26, സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ	414834/-	25000099	0	414834/-
കെ.എസ്.ഇ.ബി	ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിയ്ക്കൽ34/25-26	252142/-	25000146, 25000159, 25000187, 250001352, 250001422, 25000507, 250001551, 250001869	68862	183280/-
ഭൂജല വകുപ്പ്	191/25-26, മൂലശ്ശേരി കോളനിയിൽ കുഴൽകിണർ നിർമ്മാണം	32000/-	25000338	0	32000/

4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-6 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1840,000/- വരവുണ്ട്. ₹1060,000/- തൻവർഷം വിനിയോഗിച്ചിട്ടുണ്ട്. മുൻവർഷ (24-25) വിനിയോഗബാക്കിയായി രജിസ്റ്റർ പ്രകാരം 1198400/-രൂപ

അവശേഷിക്കുന്നു

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	തൻവർഷം ലഭിച്ച വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുളള തുക ₹
				മുതൽ ₹	പലിശ	
ലൈഫ് ഭവന പദ്ധതി	-	1840,000/-	2,96,64,628/	3109928/-	-	283947000/-

4-7 സ്ഥിര നിക്ഷേപം

ഇല്ല.

4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക (രൂപ)	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ / തീയതി
2017-18	3-10	6960/-	ശ്രീമതി.ശാലിനി എസ്(AE)	R-G020204-25003502-/07.11.2025
2022-23	1-27	10772/-	ശ്രീ.തുളസീധരൻ പിള്ള (മെമ്പർ)	R-G020204-25004115-/15.11.2025
2022-23	1-27	10772/-	ശ്രീ.വിനു.എം നായർ (മെമ്പർ)	R-G020204-25004175-/17.11.2025
2022-23	1-27	10772/-	ശ്രീ.വിനു.എം നായർ (മെമ്പർ)	R-G020204-25004175-/17.11.2025
2022-23	1-27	10772/-	ശ്രീ.പി.കെ രവി (മെമ്പർ)	R-G020204-25004231/18.11.2025
2022-23	1-27	10772/-	ശ്രീമോഹനൻ പിള്ള (മെമ്പർ)	R-G020204-25004300/21.11.2025
2022-23	1-27	10772/-	ശ്രീ.നിഖിൽ മനോഹർ (മെമ്പർ)	R-G020204-25004 466-/21.11.2025
		71592/-		

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15 2015-16		2016-17 2016-17	അനുബന്ധം -4 അനുബന്ധം- 5	തൊഴിൽ നികുതി	അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്.

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും/ ഉദ്യോഗപ്പേരും
1-14	100000/-രൂപ	ഡോ പ്രിയങ്ക കെ.ജി ആയുർവേദ മെഡിക്കൽ ഓഫീസർ
1-15	383581/-രൂപ	ഡോ പ്രിയങ്ക കെ.ജി ആയുർവേദ മെഡിക്കൽ ഓഫീസർ

1-23	32000/-രൂപ	ശ്രീ.സി കെ അജയകുമാർ സെക്രട്ടറി
1-24	698114/-രൂപ	ശ്രീ.സി കെ അജയകുമാർ സെക്രട്ടറി
1-28	300/-രൂപ	ശ്രീ.എബി ബാബു കൃഷി ഓഫീസർ
ആകെ	12,13,995/-രൂപ	

(ബി). <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(സി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.സി കെ അജയകുമാർ സെക്രട്ടറി	ശ്രീ.സി കെ അജയകുമാർ പോരുവഴി സെക്രട്ടറി	ഇടയിലേത്തറ വിളന്തറ പി ഒ പടിഞ്ഞാറേ കല്ലട-690521 Mobile No. – 9495482352
ശ്രീ.എബി ബാബു കൃഷി ഓഫീസർ	എബി ബാബു കൃഷി ഓഫീസർ പോരുവഴി ഗ്രാമപഞ്ചായത്ത്	കോട്ടൂർ വിളയിൽ, തൊടിയൂർ നോർത്ത്-690523 Mobile No. –9567721283
ഡോ പ്രിയങ്ക കെ ജി ആയുർവേദ മെഡിക്കൽ ഓഫീസർ	ഡോ പ്രിയങ്ക കെ ജി ആയുർവേദ മെഡിക്കൽ ഓഫീസർ പോരുവഴി ഗ്രാമപഞ്ചായത്ത്	തേവലശ്ശേരിൽ ചങ്ങൻകുളങ്ങര വവ്വാക്കാവ് പി ഒ-695018 Mobile No. – 9745582443

<u>4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023	3
1998-99	കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023	4
1999-00	കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023	4
2001-02	കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023	1
2002-03	കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023	3
2004-05	കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023	2
2005-06	കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023	3
2006-07	കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023	1
2007-08	കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023	7
2008-09	കെ.എസ്സ്.എ-കെ.എൽ.എം-പി10-977/2022, 23.06.22	8
2009-10	കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023	7
2010-11	കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,23.06.2023	2
2011-12 & 2012-13	കെഎസ്എകെഎൽഎംപി.10/1503/2022, 22.08.2022	13
2013-14	കെഎസ്എകെഎൽഎംപി.10/1503/2022, 22.08.2022	8

2014-15	കെഎസ്എകെഎൽഎംപി.10/1503/2022, 22.08.2022	11
2015-16	കെഎസ്എകെഎൽഎംപി.10/1503/2022, 22.08.2022	11
2016-17	കെഎസ്എകെഎൽഎംപി.10/977/22, 19.07.23	8
2017-18	കെഎസ്എകെഎൽഎംപി.10/977/22, 19.07.23	12
2018-19	കെ.എസ്സ്.എ-കെ.എൽ.എം-പി10-62/2022,18.05.2022	10
2019-20	കെ.എസ്.എ/കെ.എൽ.എം/പി.10/1519/21, 07.05.23	14
2020-21	കെ.എസ്.എ/കെ.എൽ.എം/പി.10/1523/22 , 07.05.23	28
2021-22	കെ.എസ്.എ/കെ.എൽ.എം/പി.10/238/23, 20.01.24	22
2022-23	കെ.എസ്.എ/കെ.എൽ.എം/പി.10/1855/23, 05.09.2024	23
2023-24	കെ.എസ്.എ/കെ.എൽ.എം/പി.10/ 493/25 , 15.03.25	14
2024-25	കെ.എസ്.എ/കെ.എൽ.എം/പി.10/1239/25, 11.07.2025	33

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 5/1 dated 5/1 dated 10-07-2026 and submitted on 17-07-2026 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2026 and Balance sheet as on 31-03-2026 , with supporting forms, of the Poruvazhi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2025-2026 and Financial position of Poruvazhi Grama Panchayat as on 31-03-2026

Date: 02/09/2026 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Poruvazhi Grama Panchayat for the Year 2025-2026.

1.Major Observations

Nil

2.Other Observations

1. Lapses in making timely and accurate demand entries in respect of Property tax.
2.The details regarding the book adjustments shown in the DCB statement have not been given.
3.The closing balance of e-gram swaraj cash book is not reconcilled with that of bank balance.
4.The expenditure of CFC fund shown in the e-gram swaraj portal not agree with that of sulekha expenditure.
5.The property tax arrear demand for the financial year 25-26 is recorded as lower than those for the 24-25 financial year.
6.Cheque deposited but not collected amount shown in the reconcilliation statement of U.P.I account were not credited to the panchayath fund.
7. Documents were not produced to check the authenticity of amount shown in the Head- 2703002-(property tax write off) of I&E Statement.
8. Asset register not maintained and value based.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2025-2026 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

അനുബന്ധ പത്രികകൾ

1	റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംഷിപ്തം(Audited Abstract)
2	ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്